(സി) എത്ര രൂപയുള്ള കാലാവധി കഴിഞ്ഞ മരുന്നുകൾ ഇപ്പോൾ വെയർഹൗസുകളിൽ ഇരിപ്പുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ആശുപത്രികളിൽ നിന്നും നൽകുന്ന ഇൻഡന്റ് അനുസരിച്ച് മരുന്നുകൾ ലഭിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തു നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) നിലവിൽ കോർപ്പറേഷന്റെ ജില്ലാ വെയർ ഹൗസുകളിൽ ആകെ 47.15 കോടി രൂപയുടെ മരുന്നുകൾ ഇപ്പോൾ സ്റ്റോക്കുണ്ട്.

(ബി&സി) ഇൻഡന്റ് പ്രകാരം സംഭരിച്ച ചില മരുന്നുകൾ ആശുപത്രികൾ സ്വീകരിക്കാൻ തയ്യാറാകാതെ കാലാവധി കഴിഞ്ഞതായിട്ടുണ്ട്. 2.8 കോടി രൂപയുടെ മരുന്നുകൾ ഇപ്പോൾ കാലാവധി കഴിഞ്ഞതായി വെയർ ഹൗസുകളിലുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

വ്യാജവും കാലാവധി കഴിഞ്ഞതുമായ മരുന്നുകളുടെ വിൽപ്പന തടയുന്നതിനുള്ള പരിശോധന

71 (8131) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) വ്യാജ മരുന്നുകളും കാലാവധി കഴിഞ്ഞ മരുന്നുകളും മെഡിക്കൽ സ്റ്റോറുകൾവഴി വിതരണം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇത്തരത്തിൽ വ്യാജ മരുന്നുകളും കാലാവധി കഴിഞ്ഞ മരുന്നുകളും വിതരണം ചെയ്തതിന് എത്ര മെഡിക്കൽ സ്റ്റോറുകൾക്കെതിരെ നടപടി എടുത്തുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ ; ഇവർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് ;

(സി) വ്യാജ മരുന്നുകൾ അന്യസംസ്ഥാനത്തു നിന്നും എത്തുന്നത് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) മെഡിക്കൽ സ്റ്റോറുകളിൽ വ്യാജ മരുന്നും കാലാവധി കഴിഞ്ഞ മരുന്നും വിൽക്കുന്നുണ്ടോയെന്നു പരിശോധിക്കുവാൻ എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത് ;

(ഇ) ഇത്തരം മരുന്നുകളുടെ വില്പന തടയാൻ മെഡിക്കൽ സ്റ്റോർ കേന്ദ്രീകരിച്ച് പരിശോധന നടത്താറുണ്ടോ ; വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തിരുവനന്തപുരം ജില്ലയിൽ കാലാവധി കഴിഞ്ഞ മരുന്നുകൾ വിൽപ്പന നടത്തിയതിന് രണ്ട് സ്ഥാപനങ്ങൾക്കെതിരെയും ഇടുക്കിയിൽ 2 സ്ഥാപനങ്ങൾക്കെതിരെയും മലപ്പുറം, കോഴിക്കോട് എന്നിവിടങ്ങളിൽ ഓരോന്നും ഉൾപ്പെടെ 6 സ്ഥാപനങ്ങൾക്കെതിരെ കോടതിയിൽ കേസ് നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) ഡ്രഗ്സ് ഇൻസ്പെക്ടർമാർ സംസ്ഥാനത്തെ മെഡിക്കൽ ഷോപ്പുകൾ, ആശുപത്രികൾ, ഔഷധ മൊത്തവിതരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പരിശോധന നടത്തുമ്പോൾ മരുന്നുകളുടെ സാമ്പിളുകൾ ഗുണനിലവാര പരിശോധനയ്ക്കെടുക്കുകയും പ്രസ്തുത പരിശോധനയിൽ നിശ്ചിത ഗുണനിലവാരം പുലർത്താത്ത മരുന്നുകളുടെ വിൽപ്പന സംസ്ഥാനത്ത് ഡ്രഗ്സ് ഇൻസ്പെക്ടർമാർ യുദ്ധകാലാടിസ്ഥാനത്തിൽ തടയാറുണ്ട്. ഗുണനിലവാരമില്ലാത്തതായി പ്രഖ്യാപിക്കുന്ന മരുന്നുകളുടെ വിവരം വെബ്സൈറ്റ് വഴിയും എസ്.എം.എസ്. വഴിയും ഫാർമസിസ്റ്റ്, ഡോക്ടർമാർ, മെഡിക്കൽ ഷോപ്പുടമകൾ എന്നിവരെ അറിയിക്കാറുണ്ട്. പരാതിയുടെ അടിസ്ഥാനത്തിലും ഡ്രഗ്സ് ഇൻസ്പെക്ടർമാർ മരുന്ന് പരിശോധനയ്ക്കെടുക്കാറുണ്ട്. മെഡിക്കൽ ഷോപ്പുകൾ, ആശുപത്രികൾ എന്നിവിടങ്ങളിലെ പരിശോധനാവേളയിൽ മരുന്നിന്റെ പർച്ചേസ് രേഖകൾ പരിശോധിച്ച് അപാകതകളുണ്ടോ എന്നും പരിശോധിക്കാറുണ്ട്.

(ഡി) ഡ്രഗ്സ് ഇൻസ്പെക്ടർമാർ, മെഡിക്കൽ ഷോപ്പുകൾ, ആശുപത്രികൾ എന്നിവിടങ്ങളിലെ പരിശോധനാവേളയിൽ ഇക്കാര്യം പരിശോധിക്കാറുണ്ട്. വ്യാജ മരുന്നുകളുടെയും കാലാവധി കഴിഞ്ഞ മരുന്നുകളുടെയും വിൽപ്പന തടയാൻ ഡ്രഗ്സ് ഇൻസ്പെക്ടർമാർ നടപടിയെടുക്കാറുണ്ട്.

(ഇ) പരിശോധന നടത്താറുണ്ട്. ഡ്രഗ്സ് ഇൻസ്പെക്ടർമാർ സംസ്ഥാനത്തെ മെഡിക്കൽ ഷോപ്പുകൾ, ആശുപത്രികൾ, ഔഷധ മൊത്ത വിതരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പരിശോധന നടത്തുമ്പോൾ മരുന്നുകളുടെ സാമ്പിളുകൾ ഗുണനിലവാര പരിശോധനയ്ക്കെടുക്കാറുണ്ട്. പരിശോധനയിൽ ഗുണനിലവാരമില്ലെന്ന് തെളിഞ്ഞാൽ സംസ്ഥാനത്ത് അത്തരം മരുന്നുകളുടെ വിൽപ്പന തടയാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly